മെൻറിനെ അറിയിച്ചിരിക്കുകയാണ്. ഐ. ആർ. ബി. ഐ.യും കാനറാ ബാങ്കും അതു പഠിച്ചു നടപടി എടുക്കുമ്പോഴേക്കും കേരളത്തിലെ തന്നെ ഒരു പൊതുമേഖലാ സ്ഥാപനമായ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനെക്കൊണ്ട് ഇത് പുനരുദ്ധരിക്കുവാൻ കഴിയുമെന്നാണ് ഗവൺമെൻറിൻെറ പ്രതീക്ഷ. അതിൽ യാതൊരു അലസതയും ഗവൺമെൻറിൻെറ ഭാഗത്തുനിന്നുണ്ടായിട്ടില്ല. കഴിയാവുന്ന എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ് : സർ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഇതേറെടുക്കുന്നതിന് മുന്നോട്ടുവരികയാണെങ്കിൽ അവർക്ക് ചില സഹായങ്ങളും കേരള ഗവൺമെൻറ ചെയ്യേണ്ടതുണ്ട് വ്യവസായവകുപ്പും ഫിനാൻസ് ഡിപ്പാർട്ടുമെൻറുമൊക്കെ ചില സഹായങ്ങളും ചെയ്തു കൊടുക്കണം. എന്നാൽ മാത്രമേ അവർക്കത് ഏറ്റെടുക്കാൻ പറ്റുകയുള്ളൂ. ഈ വിഷയത്തിൽ കേരള ഗവൺമെൻറിൽനിന്ന് എന്തെല്ലാം സഹായം മാർക്കറ്റിംഗ് ഫെഡറേഷന് ഉണ്ടാകുമെന്നുകൂടി പറയണം.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, കേരള ഗവൺമെൻറിൻെറ കൂടി സമ്മതത്തോടും അറിവോടും കൂടി തന്നെയാണ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മുന്നോട്ടുവന്നതും പദ്ധതികളും രൂപീകരിച്ചതും. എന്തു പ്രോജക്ടാണെന്ന് അറിയുന്നതിനുമുമ്പ് എല്ലാ കാര്യങ്ങളും പറയാൻ കഴിയുകയില്ല. പക്ഷേ ഒരു കാര്യം തീർച്ചയാണ്, ഗവൺമെൻറിൻെറ സഹകരണത്തോടും സഹായത്തോടും പ്രോൽസാഹനത്തോടും കൂടിതന്നെയാണ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മുന്നോട്ടുവന്നിട്ടുള്ളത്.

III. സബ്മിഷൻ

(1) പേരാമ്പ്ര ഗവൺമെൻറ് പ്രൈമറി ഹെൽത്ത് സെൻററിലെ പ്രശ്നങ്ങൾ

ശ്രീ. എ. കെ. പത്മനാഭൻ: സർ, പേരാമ്പ്ര ഗവൺമെൻറ് ആശുപത്രിയുടെ ശോച്യാവസ്ഥയിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ രോഗികൾക്ക് ശുദ്ധജലം കിട്ടുന്നില്ല. ബ്ലോക്കാഫീസിലെ ഒരു കിണറിൽ നിന്നാണ് അവിടെ ഇപ്പോൾ വെള്ളം എടുക്കുന്നത്. അവിടെ ആവശ്യത്തിന് കെട്ടിടമില്ല. കേളേജിനുവേണ്ടി അക്വയർ ചെയ്ത സ്ഥലത്തുനിന്ന് ഒരു ഏക്കർ സ്ഥലം ഗവൺമെൻറ് വിട്ടു കൊടുത്തെങ്കിലും ഇതുവരെ ആരോഗ്യവകുപ്പ് അത് ഏറ്റെടുത്തിട്ടില്ല. ഡോക്ടർമാർ പരസ്പരധാരണയില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഒരു ഡോക്ടർ അഡ്മിറ്റ് ചെയ്ത രോഗിയെ മറെറാരു ഡോക്ടർ പരിശോധിക്കാത്ത സ്ഥിതിയാണുള്ളത്. ഈ സ്ഥിതിവിശേഷം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സാധാരണ നിലവിലുള്ള ശുദ്ധജലക്ഷാമം അവിടെയില്ലെന്നാണ് എനിക്ക് കിട്ടിയ അറിവ്. കെട്ടിടം കെട്ടുന്ന കാര്യത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, സാമ്പത്തികനില മെച്ചപ്പെട്ടാൽ ഉടൻതന്നെ കെട്ടിടം കെട്ടുന്നതാണ്. 18 കിടക്കകളുള്ള ഒരു കെട്ടിടത്തിന് അംഗീകാരം കൊടുത്തിട്ടുണ്ട്. പണം ഉണ്ടാകുന്നതിനനുസരിച്ച് കെട്ടിടം പണിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly